**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4560** **29-10-2021 - ൽ മറുപടിയ്ക്ക്**

**അഞ്ച് വർഷത്തിലധികമായി വയനാട് വനംവകുപ്പ് ആഫീസുകളിൽ ജോലി ചെയ്യുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ വനം വകുപ്പിന്റെ വിവിധ ഓഫീസുകളിൽ അഞ്ച് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവർ ഉണ്ടോയെന്ന് അറിയിക്കുമോ; | (എ) | വയനാട് ജില്ലയിലെ വനം വകുപ്പിൽ അഞ്ച് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്നവർ ഉണ്ട് |
| (ബി) | എങ്കിൽ എത്ര പേരുണ്ടെന്ന് ഓഫീസ് തിരിച്ച് തസ്തിക തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | അഞ്ച് വർഷത്തിലധികമായി ജോലിയിൽ തുടരാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | (സി) | 25/02/2017-ലെ സ.ഉ.(പി).നമ്പർ 3/2017/ഉ.ഭ.പ.വ. ഉത്തരവിലെ 2 (iii) പ്രകാരം ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലം മാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലം മാറ്റം നടത്തിയാൽ മതിയാകും. എന്നിരുന്നാലും, മൂന്ന് വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/ സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ല. അദ്ദേഹത്തെ/ അവരെ അതേ സ്റ്റേഷനുള്ളിലെ/ ഓഫീസിനുള്ളിലെ/ സെക്ഷനുള്ളിലെ മറ്റു സീറ്റുകളിലേക്ക്/ സ്റ്റേഷനുകളിലേക്ക് സ്ഥലം മാറ്റേണ്ടതാണ്. ടി നിർദ്ദേശം പാലിച്ചുകൊണ്ട് സ്ഥലം മാറ്റം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| തസ്തിക | സൗത്ത് വയനാട് ഡിവിഷൻ | നോർത്ത് വയനാട് ഡിവിഷൻ | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ | മാനന്തവാടി റെയ്ഞ്ച് | ബേഗൂർ റെയ്ഞ്ച് |
|---|---|---|---|---|---|
| ക്ലാർക്ക്/ സീനിയർ ക്ലാർക്ക് | 3 | 3 | 1 | | 2 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 3 | 5 | 5 | | |
| ട്രൈബൽ വാച്ചർ | 37 | 26 | 42 | | |
| ഓഫീസ് അറ്റൻഡന്റ് | 2 | | 3 | 1 | |
| **ആകെ** | **45** | **34** | **51** | **1** | **2** |

Noushad .S
സെക്ഷൻ ഓഫീസർ